## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2012 ഡിസംബർ 12, ബുധനാഴ്ച

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

മി. സ്പീക്കർ: അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ എഫ്.സി.ഐ. ഗോഡൗണിൽ ആയിരക്കണക്കിന് ടൺ അരി കത്തിച്ചുകളയുകയും സംസ്ഥാനത്തെ പൊതു വിതരണ സമ്പ്രദായം നിശ്ചലമാകുകയും പൊതുകമ്പോളത്തിൽ ഇടപെടുന്ന നടപടികൾ ദുർബലപ്പെടുകയും ചെയ്തതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി. ദിവാകരൻ, എം. ചന്ദ്രൻ, മാത്യു ടി. തോമസ്,

എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിലക്കയറ്റം ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയമായതിനാൽ ഈ വിഷയം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണ്.

മി. സ്പീക്കർ: ചട്ടപ്രകാരം 12.30 മണിക്ക് ചർച്ചയ്ക്കെടുക്കാം.

**ശ്രദ്ധ ക്ഷണിക്കൽ**

**(1) റൊട്ടേഷൻ സമ്പ്രദായം മാറ്റുന്നത് സംബന്ധിച്ച്**

ശ്രീ. പി. ഉബൈദുള്ള: സാമൂഹ്യ/വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായാണ് ഭരണഘടനയിൽ സംവരണം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്. പത്തുകൊല്ലം കൊണ്ട് 18525 തസ്തികകൾ പിന്നോക്കക്കാർക്ക് നഷ്ടമായിട്ടുണ്ടെന്നാണ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പി.എസ്.സി.യുടെ നിലവിലുള്ള നിയമനരീതിയിൽ മാറ്റം വരുത്തി ഓരോ സമയത്തും റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമനവും സംവരണവും 50:50 എന്ന അനുപാതത്തിലാക്കണമെന്ന് 23-05-2008-ൽ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. പി.എസ്.സി.യുടെ നിലവിലുള്ള റൊട്ടേഷൻ സമ്പ്രദായത്തിൽ മാറ്റം വരുത്തി പിന്നോക്ക സമുദായ സംവരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും കേരള യൂണിവേഴ്സിറ്റിയുടെയും കേരള ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെയും അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിനും നടപടി സ്വീകരിക്കണം.

സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പിന്നോക്കവിഭാഗ പ്രാതിനിധ്യം പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പിന്നോക്ക വിഭാഗക്കാരുടെ നിയമനങ്ങളിൽ ബാക്ക്‌ലോഗ് നികത്തുന്നതിനായി 2006 ജനുവരി മുതൽ ഡയറക്ട് റിക്രൂട്ട്മെന്റിലൂടെ നിയമനം നടത്തിവരികയാണ്. 20 യൂണിറ്റ് അടിസ്ഥാനമാക്കിയുള്ള പി.എസ്.സി.യുടെ നിയമനരീതിയിൽ മാറ്റം വരുത്തണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്. പിന്നോക്കവിഭാഗക്കാർക്ക് അർഹമായ പ്രാതിനിധ്യം നൽകാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യം പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (2) കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. തിലോത്തമൻ: കേരളത്തിലെ കയർ വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ജീവിക്കാൻ മാർഗ്ഗമില്ലാതെ മറ്റ് രംഗങ്ങളെ അഭയം പ്രാപിക്കേണ്ട സ്ഥിതിവിശേഷമാണുണ്ടായിരിക്കുന്നത്. കയറിന്റെ കയറ്റുമതി ഗണ്യമായി കുറയുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ചകിരിയുടെ വില വർദ്ധനവും ഉൽപാദനക്കുറവും വൈവിധ്യത്തിന്റെ പരിമിതികളും കാരണം ഈ വ്യവസായം തമിഴ്‌നാട്ടിലേക്ക് പോകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. സംസ്ഥാന ഗവൺമെന്റ് ഈ വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നില്ലെന്ന ആക്ഷേപം നിലവിലുണ്ട്. കയർ മേഖലയിൽ കൊണ്ടുവന്ന ഇൻകം സപ്പോർട്ട് സ്കീം ഫലപ്രദമായി നടപ്പിലാകുന്നില്ല. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് വേണ്ടത്ര ധനസഹായം ഈ ഗവൺമെന്റ് നൽകുന്നില്ല. കയർഫെഡ്ഡിന് മൂലധനം കുറവായതിനാൽ

വേണ്ടത്ര കയറും കയറുൽപന്നങ്ങളും വാങ്ങി സംഭരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മൂന്ന് കോടി രൂപ മാത്രം നൽകുകയും കഴിഞ്ഞ ഗവൺമെന്റ് ഇൻകം സപ്പോർട്ട് സ്കീമിൽപെടുത്തി നൽകിയിരുന്ന 20 കോടി രൂപ തിരിച്ചു പിടിക്കുയും ചെയ്തിരിക്കുന്നതിനാൽ സംഘങ്ങൾക്ക് പ്രവർത്തിക്കാനും അംഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും ഈ മേഖലയിലെ തൊഴിലാളികൾക്ക് ജോലി നൽകാനും കഴിയാത്ത അവസ്ഥയാണുള്ളത്. കടക്കെണിയിൽ മുങ്ങി നിൽക്കുന്ന ചെറുകിട കയർ ഉൽപാദകർക്ക് യാതൊരു സഹായവും ഗവൺമെന്റ് നൽകുന്നില്ല. ആത്മഹത്യ ചെയ്ത കയർത്തൊഴിലാളികളുടെ ആശ്രിതർക്ക് അർഹമായ ധനസഹായം അനുവദിക്കണം. ഈ മേഖലയെ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഈ ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ മൂലം കുറഞ്ഞ വിലയ്ക്ക് ചകിരി ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കയർപിരി മേഖലയിലെ കൂലി മുൻ കാലങ്ങളേക്കാൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ രംഗത്ത് തൊഴിലാളികളുടെ ലഭ്യതക്കുറവുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരുദ്ധാരണ പദ്ധതി പ്രകാരം സംഘങ്ങളുടെ പ്രവർത്തന മൂലധന പരിധി വർദ്ധിപ്പിക്കുകയും ഗ്രാന്റായി 27,42,27,201 രൂപ 505 സംഘങ്ങൾക്കും കയർ സംഭരണവുമായി ബന്ധപ്പെട്ട് കയർഫെഡ്ഡിന് 7,97,00,000 രൂപയും നൽകിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സംഭരിച്ചതിനേക്കാൾ കൂടുതൽ കയർ ഇപ്പോൾ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഈ സർക്കാർ തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിക്കുകയും അതിനായി

ഒരു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകുകയും ഇവയ്ക്ക് നൽകിയിരുന്ന ഇൻസെന്റീവ് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കയർപിരി മേഖലയിലേയും ഉൽപ്പാദന മേഖലയിലേയും തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുകയും ക്രയവില സ്ഥിരതാ പദ്ധതി ഫലപ്രദമായി നടപ്പാക്കുകയും ചെയ്തു. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ആധുനിക പി.വി.സി. ടഫ്റ്റഡ് ഫാക്ടറി സ്ഥാപിക്കുന്നതിന് കയർ കോർപ്പറേഷൻ മുഖേനം നടപടി സ്വീകരിച്ചുവരുന്നു. ഫോം മാറ്റിംഗ്സ് വഴി കയർ കമ്പോസിറ്റ് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കയർ മെഷിനറി ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയായി വരികയാണ്. വിദേശ എക്സിബിഷൻ, ട്രേഡ് ഫെയർ എന്നിവ സംഘടിപ്പിച്ച് കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കയർ ഉൽപന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണി വർദ്ധിപ്പിക്കുവാൻ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കയർ കേരള എക്സിബിഷൻ സംഘടിപ്പിച്ചു. കയർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിൽ ഭൂരിഭാഗവും നടപ്പാക്കിയിട്ടുണ്ട്. അർഹതയുള്ള എല്ലാ സംഘങ്ങൾക്കും പ്രവർത്തന മൂലധനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആത്മഹത്യ ചെയ്ത കയർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അർഹമായ സഹായം നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. എം.സി.ആർ.എം.വൈ.-യിൽ മിനി ഡീഫൈബറിംഗ് മിൽ എല്ലാ സഹകരണ സംഘങ്ങൾക്കും സൗജന്യമായും സ്വകാര്യ മേഖലയിൽ 50 ശതമാനം വില ഈടാക്കിക്കൊണ്ടും നൽകിയിട്ടുണ്ട്..

**സബ്മിഷൻ**

**(1) ബാങ്കിംഗ് കോഴ്സുകൾക്ക് തുല്യമായ പരിഗണന**

ശ്രീ. എം.പി. വിൻസെന്റ് : കേരള കാർഷിക സർവ്വകലാശാല നടത്തുന്ന ബി.എസ്.സി. ഓണേഴ്സ് കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് എന്ന നാലു വർഷ കോഴ്സ് എം.ബി.എ., സെറ്റ് ബിരുദങ്ങൾക്ക് തുല്യമായി പരിഗണിക്കുകയും ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ജില്ലാ സഹകരണ സംഘങ്ങളിലെ മാനേജർ, ബി.ഡി.ഒ. എന്നീ തസ്തികകളിലേയ്ക്ക് അപേക്ഷിക്കാൻ അവസരം നൽകുന്ന വിധത്തിൽ യോഗ്യതയിൽ ഭേദഗതി വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ബി.എസ്.സി. ഓണേഴ്സ് കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ് ബിരുദ ധാരികളെ അഗ്രിക്കൾച്ചർ ഹോൾസെയിൽ മാർക്കറ്റ്, കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിഭാഗം എന്നിവിടങ്ങളിൽ നിയമിക്കണമെങ്കിൽ അഗ്രിക്കൾച്ചർ ഓഫീസർമാരുടെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തണമെന്നുള്ളതിനാൽ ഇക്കാര്യത്തിൽ നിലനിൽക്കുന്ന അഭിപ്രായങ്ങൾ പരിഗണിച്ച് സർക്കാർ തീരുമാനം എടുക്കുന്നതാണ്.

**(2) സീതാറാം മിൽ നവീകരണം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : തൃശ്ശൂർ സീതാറാം മില്ലിന്റെ പുനരുദ്ധാരണത്തിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടാനും ജീവനക്കാർക്ക് അർഹമായ ശമ്പളവും ഇടക്കാലാശ്വാസവും നൽകുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിനും വികസനത്തിനുമായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള 60 കോടി രൂപ

ഉപയോഗിച്ച് ഓരോ ടെക്സ്റ്റൈൽ മില്ലിനും തയ്യാറാക്കിയിരിക്കുന്ന പദ്ധതിയിൽ തൃശ്ശൂർ സീതാറാം മില്ലിന് മുൻഗണന നൽകുന്നതാണ്. അതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുന്നതിനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അനുകൂലമായ നിലപാടെടുക്കാനും ഗവൺമെന്റ് തയ്യാറാണ്.

### (3) പോസ്റ്റ്മോർട്ടം

ശ്രീ. എൻ.എ. നെല്ലിക്കുന്ന് : പകൽസമയങ്ങളിൽ മാത്രമേ പോസ്റ്റ്മോർട്ടം നടത്താൻ പാടുള്ളു എന്ന ഫോറൻസിക് നിയമം കാലോചിതമായി പരിഷ്കരിക്കാത്തതുമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രസ്തുത നിയമത്തിലും മെഡിക്കോ ലീഗൽ കോഡിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : മെഡിക്കൽ ജൂറിസ്ഡിക്ഷൻ ആന്റ് ടോക്സിക്കോളജി നിബന്ധനകൾക്ക് വിധേയമായാണ് സംസ്ഥാനത്ത് അപകടമരണം സംഭവിക്കുന്നവരുടെ ഇൻക്വസ്റ്റ് തയ്യാറാക്കി പോസ്റ്റ്മോർട്ടം നടത്തുന്നതെങ്കിലും മെഡിക്കോ ലീഗൽ കോഡ് അനുസരിച്ച് കൂട്ട മരണം സംഭവിക്കുമ്പോഴും ലാ ആന്റ് ഓർഡർ സിറ്റുവേഷൻ ഉണ്ടാകുന്ന സാഹചര്യത്തിലും പോസ്റ്റ്മോർട്ടം നടത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ എക്സംപ്ഷൻ നൽകാറുണ്ട്. ക്യാബിനറ്റ് യോഗത്തിന് മാത്രമാണ് ഇത്തരത്തിൽ എക്സംപ്ഷൻ കൊടുക്കാൻ അധികാരമുള്ളതെന്നതിനാൽ നിയമവശങ്ങൾ പരിശോധിച്ച് മെഡിക്കോ ലീഗൽ കോഡിൽ മാറ്റം വരുത്താൻ സാധിക്കുമോയെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതും സഭയെ അറിയിക്കുന്നതുമാണ്.

## (4) സ്റ്റേ ഡ്യൂട്ടി പുന:സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ.കെ. വിജയൻ : നാദാപുരം താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ സ്റ്റേ ഡ്യൂട്ടി പുന:സ്ഥാപിക്കാനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും ട്രോമാ കെയർ യൂണിറ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): നാദാപുരം താലൂക്കാശുപത്രിയിൽ നിർത്തലാക്കിയ സ്റ്റേ ഡ്യൂട്ടി 8-12-2012 മുതൽ പുന:സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 110 കിടക്കകളുള്ള ഈ ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെ 11 ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഒഴിവുള്ള സർജൻ, അനസ്തേഷ്യ, ഡെർമറ്റോളജി തുടങ്ങിയ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുകയും എൻ.ആർ.എച്ച്.എം. മുഖേന 3 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ, ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർവ്വീസിലുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സീനിയോറിറ്റിപ്രകാരം നിയമനം നടത്തി ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവുകൾ നികത്തുന്നതാണ്.

## (5) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

ശ്രീമതി ജമീലാപ്രകാശം: കോവളം നിയോജകമണ്ഡലത്തിലെ കരുംകുളം പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ജലജന്യ സാംക്രമിക രോഗങ്ങൾ തടയാൻ നടപടി സ്വീകരിക്കണം. ഇവിടെ ശുചിത്വമിഷന്റെ ഭാഗമായി അശാസ്ത്രീയമായി നിർമ്മിച്ചുവരുന്ന

കക്കൂസുകൾ മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ തീരദേശ വികസന കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ആധുനിക രീതിയിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കണം. വീടുകളിലുള്ള കക്കൂസുകളും പൊതു കക്കൂസുകളും സർക്കാർ ചെലവിൽ ഡ്രെയ്നേജ് പൈപ്പുകൾ സ്ഥാപിച്ച് സ്വീവേജ് സിസ്റ്റവുമായി യോജിപ്പിക്കണം. കക്കൂസ് മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിച്ച് മലിനമുക്തമാകുന്ന ജലം കടലിലേയ്ക്ക് ഒഴുക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : കരുംകുളം പഞ്ചായത്തിനെ നിർമ്മൽ ഗ്രാമമായി മാറ്റാനുള്ള ഊർജ്ജിതപ്രവർത്തനങ്ങൾ നടന്നുവരുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കൾ നേരിട്ട് ഇരട്ടക്കുഴി കക്കൂസ് മാതൃകയിൽ ഗാർഹിക കക്കൂസുകൾ പണിതുവരുന്നുണ്ട്. ആയതിനാൽ സെപ്റ്റേജ് സിസ്റ്റം വലിയൊരു വിപത്തായി മാറാൻ സാദ്ധ്യതയില്ല. ഇരട്ടക്കുഴി കക്കൂസിന്റെ ആഴം കൂടുകയാണെങ്കിൽ കിണറുകൾ മലിനമാകാൻ സാദ്ധ്യതയുള്ളതുകൊണ്ടാണ് ആഴം കുറഞ്ഞ കുഴികളുടെ ഡിസൈൻ അംഗീകരിക്കപ്പെട്ടത്. കരുംകുളം പഞ്ചായത്തിൽ പൈപ്പ് ജലമാണ് പ്രധാനമായും കുടിവെള്ള സ്രോതസ്സ്. കരുംകുളത്ത് സെപ്റ്റേജ് മാലിന്യ സംസ്ക്കരണ പ്രശ്നം വരികയാണെങ്കിൽ അവിടെനിന്നും മാലിന്യം സുരക്ഷിതമായി ശേഖരിച്ച് മുട്ടത്തറ പ്ലാന്റിൽ സംസ്ക്കരിക്കാവുന്നതാണ്. ഏറെ ജനസാന്ദ്രതയുള്ള കരുംകുളം പഞ്ചായത്തിനുള്ളിൽ സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പൊതുസ്ഥലം ലഭ്യമാകുകയെന്നത് പ്രായോഗികമല്ല. കരുംകുളത്ത് സ്ഥലം കണ്ടെത്തിയാൽ പ്ലാന്റിന്റെ ഫീസിബിലിറ്റി പഠനവിധേയമാക്കി ഉചിതമായ തീരുമാനമെടുക്കാൻ സർക്കാർ തയ്യാറാണ്.

## (6) ചെമ്പൈ മ്യൂസിക്ക് ഹാൾ

ശ്രീ. എ. കെ. ബാലൻ: തരൂർ മണ്ഡലത്തിലെ കോട്ടായി പഞ്ചായത്തിൽ മുടങ്ങിക്കിടക്കുന്ന ചെമ്പൈ സ്മാരക മ്യൂസിക്ക് ഹാളിന്റെ നിർമ്മാണം പുനരാരംഭിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): കോട്ടായി പഞ്ചായത്തിലെ ചെമ്പൈ സ്മാരക മ്യൂസിക്ക് ഹാൾ നിർമ്മാണത്തിന് പാലക്കാട് ജില്ലാ കളക്ടർ സമർപ്പിച്ച 18,10,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 2010-ൽ ഭരണാനുമതി നൽകി പദ്ധതി നിർവ്വഹണം പാലക്കാട് ഡി.റ്റി.പി.സി.യെ ഏൽപ്പിച്ചെങ്കിലും നിർമ്മാണം യഥാസമയം ആരംഭിക്കാത്തതിനാൽ കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുകയാണുണ്ടായത്. ലേബർ കോസ്റ്റ് ക്രമാതീതമായി വർദ്ധിച്ചതിനാൽ ഫ്ളോർ ടൈലിംഗ്, ഇലക്ട്രിഫിക്കേഷൻ, ഡ്രെയ്നേജ് തുടങ്ങിയ ഘടകങ്ങൾ അവർക്ക് ഉൾപ്പെടുത്താനായില്ല. കോസ്റ്റ് ഫോർഡ് ഒഴിവാക്കിയ സിറാമിക് ടൈൽസ് ഉപയോഗിച്ചുള്ള ഫ്ളോറിംഗ്, ഇലക്ട്രിഫിക്കേഷൻ, ഡ്രെയ്നേജ്, ജനറേറ്റർ പർച്ചേസ് എന്നിവ ഉൾപ്പെടുത്തി ഭരണാനുമതി നൽകി പണി പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്.

## (7) അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയം

ശ്രീമതി പി. അയിഷാ പോറ്റി: അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയം വർദ്ധിപ്പിക്കുകയും കുടിശ്ശിക കൊടുത്തു തീർക്കുകയും അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും മാന്യമായ രീതിയിലുള്ള യൂണിഫോം നിഷ്ക്കർച്ച് നൽകുകയും ചെയ്യണം. .

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഓണറേറിയമായി സംസ്ഥാന വിഹിതം 550 രൂപയിൽനിന്നും ആയിരം രൂപയായി ഉയർത്തി 2011 ആഗസ്റ്റ് മാസം മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേന്ദ്രവിഹിതത്തിൽ അംഗൻവാടി വർക്കർമാർക്ക് 1500 രൂപയുടേയും ഹെൽപ്പർമാർക്ക് 750 രൂപയുടേയും പ്രതിമാസ വർദ്ധനവ് 1-4-2011-മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. 10 ശതമാനം അംഗൻവാടി വർക്കർമാരെ പ്രീ-പ്രൈമറി ടീച്ചർമാരായി പരിവർത്തനം ചെയ്യുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടത്തിവരികയാണ്. ഇവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ചശേഷം മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. അംഗൻവാടി ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധി ബോർഡ് ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇവർക്ക് ജോലി ചെയ്യുന്ന സമയത്ത് ഉപയോഗിക്കാൻ പറ്റുന്ന ഓവർകോട്ട് ഡിസൈൻ ചെയ്യുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (8) സ്വീവേജ് സംവിധാനം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. കെ. മുരളീധരൻ : തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് സംവിധാനം കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് സമഗ്ര പദ്ധതി

തയ്യാറാക്കാനും കൂട്ടാൻവിള പ്രദേശത്തെ ഇ-ബ്ലോക്ക് അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കാനും സ്വീവേജ് വിഭാഗത്തിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യാനും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് 498 മീറ്റർ നീളത്തിൽ ജഗതി ജംഗ്ഷൻ മുതൽ കിള്ളിയാറിന്റെ തീരംവരെ സ്ഥലമെടുപ്പ് ആവശ്യമില്ലാത്ത സ്ഥലത്ത് സ്വീവേജ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുകയും കൂട്ടാൻവിള, മരുതുംകുഴി, ജഗതി ഭാഗങ്ങളിലെ സ്വീവേജ് സംവിധാനം കമ്മീഷൻ ചെയ്യുന്നതിന് 56 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കേടായ 1200 മാൻഹോളുകളുടേയും പമ്പ് ഹൗസുകളുടേയും നവീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. മുട്ടത്തറയിലുള്ള സ്വീവേജ് പ്ലാന്റിന്റെ പ്രവൃത്തികൾ പൂർത്തിയായിവരികയാണ്. അനധികൃതമായി സ്വീവേജ് കണക്ഷനുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയം അന്വേഷിക്കാനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വീവേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതാണ്.

**(9) കേരളത്തിന് ലഭിക്കേണ്ട ജലം നിഷേധിക്കുന്നത് സംബന്ധിച്ച്**

ശ്രീ. വി. ചെന്താമരാക്ഷൻ : പാലക്കാട് ജില്ല നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം

കേരളത്തിന് ലഭിക്കേണ്ട ജലം ലഭ്യമാക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർപ്രകാരം ഒരു ജലവർഷത്തിൽ 7250 ദശലക്ഷം ഘനയടി ജലമാണ് ചിറ്റൂർ പുഴ പദ്ധതിയിൽനിന്ന് കേരളത്തിന് ലഭിക്കേണ്ടത്. പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ കേരള-തമിഴ്നാട് ഉദ്യോഗസ്ഥർ അംഗങ്ങളായ സംയുക്ത ജലക്രമീകരണ ബോർഡ് അംഗീകരിച്ച പാറ്റേൺ അനുസരിച്ചുള്ള ജലം 2012 ഡിസംബർ 15 വരെയുള്ള കാലയളവിലേയ്ക്ക് തമിഴ്നാട് നൽകിക്കൊണ്ടിരിക്കുന്നുണ്ട്. 2012 ഡിസംബർ 16 മുതൽ 2013 ജനുവരി 31 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിന് ലഭ്യമാകേണ്ട ജലം തുലാവർഷത്തിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് പിന്നീട് തീരുമാനിക്കാമെന്നായിരുന്നു ധാരണ. എങ്കിലും പദ്ധതി പ്രദേശത്തെ കേരള-തമിഴ്നാട് ഉദ്യോഗസ്ഥർ നടത്തിയ കൂടിക്കാഴ്ചയിൽ ഈ കാലയളവിൽ പരമാവധി 750 ദശലക്ഷം ഘനയടി ജലം മാത്രമേ കേരളത്തിന് നൽകാൻ കഴിയൂവെന്ന് അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാട് സർക്കാരിന് കത്തയച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർപ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം ലഭിക്കാനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (10) വിദ്യാഭ്യാസ വായ്പ കുടിശ്ശിക

ശ്രീ. സി. എഫ്. തോമസ്: വിദ്യാഭ്യാസ വായ്പാ കുടിശ്ശിക ഈടാക്കുവാൻ ബാങ്കുകൾ നടപ്പിലാക്കുന്ന റവന്യൂ റിക്കവറി നടപടികൾ നിറുത്തിവയ്ക്കാനും മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നതുമൂലമുള്ള പ്രയാസ ങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : 2004 ഏപ്രിൽ ഒന്നുമുതൽ 2009 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ ബി.പി.എൽ. വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ പലിശ ഒടുക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 10-04-2012-ലെ ഉത്തരവിലൂടെ ആറ് മാസക്കാലത്തേയ്ക്ക് റവന്യൂ റിക്കവറി നടപടികൾ നിറുത്തിവച്ചു. തുടർന്നുള്ള ആറ് മാസം കൂടി റിക്കവറി നിറുത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാനേജ്മെന്റ് ക്വോട്ടായിൽ പ്രവേശനം ലഭിച്ചവർക്കുകൂടി വിദ്യാഭ്യാസ വായ്പ നൽകണമെന്ന കേരളത്തിന്റെ ആവശ്യം എസ്.എൽ.ബി. സി. അംഗീകരിച്ചിട്ടുണ്ട്. കേരളത്തിനുപുറത്ത് പ്രവേശനം ലഭിച്ചവർക്കുകൂടി ഈ അവകാശം വേണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്. കോഴ്സ് പാസ്സാകുന്നതുവരെയോ അല്ലെങ്കിൽ കോഴ്സ് പൂർത്തിയാക്കി ഒരു വർഷമോ ഏതാണോ ആദ്യം അതുവരെ പലിശ സബ്സിഡി കൊടുക്കാൻ തീരുമാനി ക്കുകയും വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് പരാതി പരിഹരിക്കാൻ പതിനാല് ജില്ലകളിലേയും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## (11) കാർഷിക-സഹകരണ ബാങ്ക് ഭരണ സമിതിയെ ഭരണം തിരിച്ചേൽപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. ബാബു എം. പാലിശ്ശേരി : തൃശ്ശൂർ അടാട്ട് കാർഷിക സഹകരണ ബാങ്കിന്റെ ഭരണസമിതിയെ അകാരണമായി പിരിച്ചുവിട്ട ഗവൺമെന്റിന്റെ നടപടി ചോദ്യം ചെയ്തുകൊണ്ട് ഭരണസമിതി അംഗങ്ങൾ ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഗവൺമെന്റ് തീരുമാനം റദ്ദാക്കിയ സാഹചര്യത്തിൽ പുതിയ ഭരണസമിതി അധികാരമേറ്റെടുത്തു വെങ്കിലും പോലീസിന്റെ സഹായത്തോടെ ഭരണസമിതിയുടെ പ്രവർത്ത നത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനാൽ ഹൈക്കോടതി വിധി അംഗീകരിച്ച് ഭരണസമിതിയെ ഭരണ ചുമതല ഏൽപ്പിക്കാനും ജനാധിപത്യ സംവിധാനം ഉറപ്പുവരുത്താനുമുള്ള നടപടിയുണ്ടാകണം.

സഹകരണവും ഖാദിഗ്രാമവ്യവസായവും മലീനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : തൃശ്ശൂർ ജില്ലയിലെ അടാട്ട് കാർഷിക സഹകരണ ബാങ്കിൽ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ നടത്തിയ പരിശോധനയിൽ അതീവ ഗുരുതരമായ സാമ്പത്തിക ക്രമക്കേടു കൾ കണ്ടെത്തിയതിനെത്തുടർന്ന് ജോയിന്റ് രജിസ്ട്രാർ ഭരണസമിതിയെ നീക്കം ചെയ്യുകയും പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ ചാർജ് എടുക്കു കയുമുണ്ടായി. നീക്കം ചെയ്യപ്പെട്ട ഭരണസമിതി അംഗങ്ങൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ സമിതിയെ തുടരാൻ അനുവദി ക്കുകയും ബാങ്കിന്റെ ഭരണം സംബന്ധിച്ച് 06-12-2012-ൽ നിലവിൽവന്ന status quo രണ്ടാഴ്ച കാലത്തേയ്ക്ക്കൂടി നിലനിറുത്തുവാൻ ഉത്തരവാ കുകയും ചെയ്തു. ക്രമസമാധാനം നിലനിറുത്തുന്നതിനുള്ള ജില്ലാ കളക്ട

റുടെ നിർദ്ദേശം നിലവിലുള്ളപ്പോൾ അഡ്മിനിസ്ട്രേറ്ററുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന സ്ഥിതിവിശേഷമാണ് ബാങ്കിലുള്ളത്. യഥാർത്ഥ വസ്തുത ഇതായിരിക്കെ അടാട്ട് കാർഷിക സഹകരണ ബാങ്കിലെ അഡ്മിനിസ്ട്രേറ്റർ ഭരണം സംബന്ധിച്ച് അംഗം ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ഡിവിഷൻ ബെഞ്ചിന്റെ അന്തിമ തീരുമാനമനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### (12) കമ്മീഷനെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. എൻ. പ്രതാപൻ: മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന വിവാഹ ധനസഹായം, മരണാനന്തര സഹായം തുടങ്ങിയ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാനും നിലവിലുള്ള കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥയെക്കുറിച്ചും ജീവിത സാഹചര്യങ്ങളെക്കുറിച്ചും പഠിക്കുന്നതിന് കമ്മീഷനെ നിയോഗിക്കാനും ക്ഷേമനിധി ബോർഡിൽ അംഗങ്ങളെ നിയമിക്കാനും കയറ്റുമതിക്കാരിൽനിന്നുമുള്ള സെസ്സ് പിരിച്ചെടുക്കാനും സത്വര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 07-12-2012-ൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയനുസരിച്ച് നൽകുന്ന ധനസഹായം മൂന്ന് ലക്ഷം രൂപയായും അപകടം മൂലം അവശത അനുഭവിക്കുന്നവർക്കുള്ള ധനസഹായം ഒന്നര ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ബോർഡിന്റെ വരുമാന സ്രോതസ്സുകൾ തടസ്സപ്പെട്ട് നിൽക്കുന്നതിനാൽ ക്ഷേമ

പദ്ധതി വഴി നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അംശദായ കുടിശ്ശിക കഴിഞ്ഞ വർഷത്തേക്കാൾ കുടുതൽ തുക പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. സെസ്സ് പിരിച്ചെടുക്കുന്നതിനെതിരെ 2009-ൽ കയറ്റുമതിക്കാർ നൽകിയിരുന്ന കേസ് വേഗത്തിൽ തീർപ്പാക്കുന്നതിനും ഇത്തരം നടപടികളുടെ ഫലമായി ഉണ്ടാകുന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ അടുത്ത സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിച്ചുനൽകുന്നതിനും ബോർഡിന് നിർദ്ദേശം നൽകുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ടിയിരുന്ന ആനുകൂല്യങ്ങൾ കുടിശ്ശികയുൾപ്പെടെ ഡിസംബർ 31-നകം പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പഠിക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി കമ്മീഷനെ നിയോഗിക്കുന്നതും സമഗ്രമായ ഒരു വിവര ശേഖരണ സർവ്വേ ഫിഷറീസ് വകുപ്പ് നടത്തുന്നതുമാണ്. ക്ഷേമനിധി ബോർഡിന്റെ പുന:സംഘടന പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സെസ്സ് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. .

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ 3-ാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകളും ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകളും മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ സംബന്ധിച്ച VIII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും**

**(1) 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി ഇ.എസ്. ബിജിമോൾ: Sir, I move that - "This House resolves to disapprove The Kerala Local Authorities (Prohibition of Defection) Ordinance, 2012 (Ordinance No.50 of 2012)". പഞ്ചായത്തുകളുടെ അടിസ്ഥാനപ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനും പരിഹാരം കാണുന്നതിനും ഗവൺമെന്റ് തയ്യാറാകണം. ഇന്ന് പല പഞ്ചായത്തുകളും ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിന് സാമ്പത്തികമായി വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ അതിന് പരിഹാരമുണ്ടാക്കണം. കേരളത്തിൽ പഞ്ചായത്തുകളുടെമേൽ യു.ഡി.എഫ് ഗവൺമെന്റിന്റെ നയങ്ങളുടെ കടന്നാക്രമണമുണ്ടാകുന്നു. മന്ത്രിമാർ കാര്യങ്ങൾ പഠിക്കാതെ നടത്തുന്ന പ്രഖ്യാപനങ്ങൾ ദുരിതബാധിതരായ ജനങ്ങളെ നിരാശയിലാക്കുന്നു. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയോടുള്ള അയിത്തം ഗവൺമെന്റ് അവസാനിപ്പിക്കുകയും പദ്ധതിക്കായി വേണ്ടിവരുന്ന അധിക തുക പഞ്ചായത്തുകൾ എങ്ങനെ കണ്ടെത്തണമെന്ന് വ്യക്തമാക്കുകയും വേണം. രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാനുവേണ്ടി അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ചും നിർവ്വഹണ ഏജൻസിയെ സംബന്ധിച്ചുമുള്ള അവ്യക്തതകൾ ദൂരീകരിക്കണം. ഈ പദ്ധതിക്കായി അനുവദിച്ച രണ്ടാംഘട്ടപണം വാങ്ങിയെടുക്കുന്നതിനും ഈ വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ സംയുക്തയോഗം വിളിച്ചുകൂട്ടുന്നതിനും സാധിച്ചിട്ടില്ല. ഈ പദ്ധതിപ്രകാരം ആരംഭിച്ച സ്കൂളുകളിൽ കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം. പഞ്ചായത്തുകൾ വിതരണം ചെയ്യേണ്ട പെൻഷൻ തുക സമയബന്ധിതമായി ലഭ്യമാക്കണം. കർഷകത്തൊഴിലാളി പെൻഷൻ കോടിക്കണെ

ക്കിനുരൂപ കുടിശ്ശികയാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് അംഗങ്ങൾ കൂറുമാറിയാൽ അവരെ കുറ്റംപറയാനാകില്ല. നിയമസംവിധാനം നടപ്പിലാക്കേണ്ട എക്സിക്യൂട്ടീവുകളെ നോക്കുകുത്തികളാക്കുന്ന സമീപനം അവസാനിപ്പിക്കണം. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞാൽ മാത്രമേ നിയമനിർമ്മാണങ്ങൾക്ക് അർത്ഥവും വ്യാപ്തിയും ഉണ്ടാകുകയുള്ളൂ. നിയമം നടപ്പിലാക്കാനാവശ്യമായ സാമൂഹ്യാന്തരീക്ഷവും പശ്ചാത്തല സൗകര്യവും ഒരുക്കാൻ സർക്കാർ സന്നദ്ധമാകണം. ജനങ്ങളുടെ പ്രശ്നങ്ങളിൽ അവർക്ക് ബോദ്ധ്യപ്പെടും വിധം ഇടപെടാൻ കഴിയണം. മന്ത്രി സഭയുടെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ കഴിയാത്തത് ഭരണപരാജ യമാണ്.

<u>ശ്രീ. എ.എം.ആരിഫ്</u> : മുന്നണി രാഷ്ട്രീയത്തിലൂടെ അധികാരത്തിൽ വന്നതിനുശേഷം തന്നിഷ്ടപ്രകാരം സ്വാർത്ഥലാഭത്തിലേയ്ക്ക് തങ്ങളുടെ രാഷ്ട്രീയം മാറ്റുന്ന സന്ദർഭത്തിൽ പഞ്ചായത്ത് തലത്തിലുള്ള നിയന്ത്രണങ്ങൾ കൂടുതൽ കർക്കശമാക്കാനായി കൊണ്ടുവന്ന ഭേദഗതി തത്വത്തിൽ അംഗീകരിക്കുന്നുവെങ്കിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൂറുമാറ്റത്തെയും കാലുമാറ്റത്തെയും പ്രോൽസാഹിപ്പിക്കുന്ന സാഹചര്യ ത്തിൽ ഈ ഭേദഗതി അവതരിപ്പിക്കാനുള്ള ധാർമ്മികാവകാശം ഈ സർക്കാരിനില്ല. പിറവം ഉപതെരഞ്ഞെടുപ്പിന്റെ അന്ത്യഘട്ടത്തിൽ തങ്ങൾക്ക് അനുകൂലമായി വിധിവരില്ലെന്ന് മനസ്സിലാക്കിയപ്പോഴാണ് കുറുമാറ്റത്തിന്റെ ആദ്യ പാഠം ഇവിടെ പ്രയോഗിച്ചത്. കൂറുമാറ്റം കലയാക്കി മാറ്റിയ രാഷ്ട്രീയപാർട്ടിയുടെ പ്രതിനിധികളാണ് കൂറുമാറ്റത്തിനെതിരായി നിയമം കൊണ്ടുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാർഷിക മേഖലയുടെ സംരക്ഷണത്തിനാവശ്യമായ വിഹിതം നൽകുന്നില്ലെന്ന്

മാത്രമല്ല ഭവന പദ്ധതികളെല്ലാം അട്ടിമറിക്കുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം രാഷ്ട്രീയ/ധാർമ്മിക മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും കഴിയണം.

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 12-1-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1999-ലെ ആക്ടുകൊണ്ട് കൂറുമാറ്റത്തെ ഏറെക്കുറെ തടയാൻ സാധിച്ചു. പഞ്ചായത്തുകളിലെ ഭരണ സംവിധാനങ്ങൾ തുടരെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലായിരുന്നു ഈ നിയമം ആദ്യമായി പാസാക്കിയത്. അതിന് ധാരാളം പോരായ്മകളും ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ കൂറു മാറിയവർ പോലും രക്ഷപ്പെടുന്ന നിരവധി സാഹചര്യമുണ്ടായപ്പോഴാണ് ഇതുസംബന്ധിച്ച് വ്യക്തത വരുത്താൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായി സ്ഥാനാർത്ഥിയായി മൽസരിക്കാനുള്ള ചിഹ്നം കൊടുക്കുന്ന രാഷ്ട്രീയപാർട്ടികൾക്ക് വിപ്പ് കൊടുക്കാനുള്ള അധികാരം നൽകി നിയമത്തിൽ മാറ്റം വരുത്തി. കാലുമാറുന്ന ആളെയാണ് ചെയർമാനോ പ്രസിഡന്റോ ആയി നിശ്ചയിക്കുന്നതെങ്കിൽ ഇലക്ഷൻ കമ്മീഷന്റെ തീരുമാനത്തിന് വിധേയമായി മാത്രമേ ആ സ്ഥാനത്തിന് സാധുതയുള്ളു എന്ന് തീരുമാനിക്കാനുള്ള അധികാരം സെക്രട്ടറിക്ക് നൽകി നിയമഭേദഗതി വരുത്തുന്നതോടൊപ്പം കൂറുമാറുന്നവർക്കെതിരെ കേസ് കൊടുക്കാനുള്ള സമയപരിധി പതിനഞ്ച് ദിവസം എന്നുള്ളത് ഒരു മാസമാക്കി വർദ്ധിപ്പിക്കുകയും വേണം.

(ചർച്ച തുടരും)

**അടിയന്തര പ്രമേയ ചർച്ച**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ എഫ്.സി.ഐ. ഗോഡൗണുകളിൽ ആയിരക്കണക്കിന് ടൺ അരി കത്തിച്ചുകളയുകയും സംസ്ഥാനത്തെ പൊതുവിതരണ സംബ്രദായം നിശ്ചലമാകുകയും പൊതുകമ്പോളത്തിൽ ഇടപെടാനുള്ള നടപടികൾ ദുർബലപ്പെടുത്തുകയും ചെയ്തതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ചു ചർച്ച ചെയ്യണമെന്ന പ്രമേയം.

ശ്രീ. സി. ദിവാകരൻ: കേരളം ഇന്ന് നേരിടുന്ന ദു:സ്സഹമായ വിലക്കയറ്റത്തെക്കുറിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാൻ സന്നദ്ധമായതിനെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്തെ മൂന്നേകാൽ കോടി ജനങ്ങൾ ഇന്ന് വിലക്കയറ്റത്തിന്റെ കെടുതികൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അരിയുടെ വിലയിൽ യാതൊരു നിയന്ത്രണമോ ഏകീകരണമോ ഇല്ലാതെ പല സ്ഥലങ്ങളിലും തോന്നിയതുപോലെ വില ഈടാക്കുന്നത് നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയാണ് സംസ്ഥാനത്തുള്ളത്. ഭക്ഷ്യക്ഷാമം നേരിടുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ ജനങ്ങൾക്ക് വലിയൊരനുഗ്രഹമായി മാറിയ പൊതുവിതരണ സംപ്രദായം ഇന്ന് തകർന്നിരിക്കുകയാണ്. ഭക്ഷ്യോത്പാദനത്തിൽ വളരെ പിന്നിലായ സംസ്ഥാനത്തിന് മിച്ച സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങി വിതരണം ചെയ്യാമെന്നുള്ള കേന്ദ്ര സർക്കാരിന്റെ വാഗ്ദാനം ലംഘിക്കപ്പെട്ടതുമൂലമാണ് ഇന്ന് അനിയന്ത്രിതമായ വിലക്കയറ്റമുണ്ടായിരിക്കുന്നത്. ഇപ്പോൾ കേന്ദ്രം തരുന്ന റേഷൻ വിഹിതം 36,056 മെട്രിക് ടൺ അരിയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 62

ലക്ഷം ആളുകൾക്ക് രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്തുകൊണ്ട് അരിവില നിയന്ത്രിച്ചു. നിത്യോപയോഗ സാധനങ്ങളുടെ വില ഇത്രയധികം വർദ്ധിച്ച ഒരു സ്ഥിതിവിശേഷം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. മുൻ സർക്കാർ. ഗവൺമെന്റ് സെക്രട്ടറിമാരെയും ഡി.ജി.പി.യേയും ഉൾപ്പെടുത്തി സ്റ്റേറ്റ് ലെവലിലും ഗ്രാമ/പഞ്ചായത്ത്/താലൂക്ക് തലങ്ങളിലും വിജിലൻസ് പീപ്പിൾസ് കമ്മിറ്റിയെ നിയോഗിച്ച് സോഷ്യൽ ഓഡിറ്റ് നടത്തിയും ഗോഡൗണുകൾ റെയ്ഡ് ചെയ്തും ഗുണനിലവാരം പരിശോധിച്ചും നൽകിയ റിപ്പോർട്ടിൻമേൽ നടപടി സ്വീകരിച്ചിരുന്നു. ഈ സർക്കാർ അത്തരം കമ്മിറ്റി കളുടെ പ്രവർത്തനങ്ങളെ മരവിപ്പിച്ചിരിക്കുകയാണ്. എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടനുസരിച്ച് ഗോഡൗണുകളിൽ അനധികൃതമായി ഭക്ഷ്യ ധാന്യങ്ങൾ സൂക്ഷിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാതെ കരിഞ്ചന്ത ക്കാരെയും പൂഴ്ത്തിവയ്പുകാരേയും സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. യു.ഡി.എഫ്. നേതാക്കൾത്തന്നെ പരസ്യമായി സർക്കാരിനെ തള്ളിപ്പറയുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഭക്ഷണസാധന ങ്ങൾക്കും പച്ചക്കറികൾക്കും പലവ്യഞ്ജനങ്ങൾക്കും, മരുന്നുകൾക്കും വില ക്രമാതീതമായി കുതിച്ചുയരുകയാണ്. വിലക്കയറ്റത്തിലൂടെ കേരള ത്തിലെ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ പരിഹരിക്കാൻ നടപടി യുണ്ടാകണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സംസ്ഥാനത്താകമാനം വിലക്കയറ്റം ഉണ്ടെ ന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി വില ക്കയറ്റം തടയാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേന്ദ്രസർക്കാർ അരിവിഹിതത്തിൽ യാതൊരു കുറവും വരുത്തിയിട്ടില്ലെന്നതും പൊതു വിതരണ സമ്പ്രദായത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ലെന്നതും

യാഥാർത്ഥ്യമാണ്. കർഷകരെ സഹായിക്കുന്നതിന് കേന്ദ്രസർക്കാർ നെല്ലിന്റെ സംഭരണവില വീണ്ടും ഉയർത്തിയതുകൊണ്ടാണ് അരി വില വർദ്ധിക്കാനിടയായത്. കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് ഉണ്ടായിരുന്ന നെല്ലിന്റെ സംഭരണ വില അഞ്ചര രൂപയിൽ നിന്നും ഇപ്പോൾ 17 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന് ആവശ്യമായ അരിയുടെ കേവലം 5 ശതമാനം മാത്രമാണ് ഇവിടെ . ഉൽപ്പാദിപ്പിക്കുന്നത് ബാക്കി 65 ശതമാനം കർണ്ണാടകയിൽനിന്നും 30 ശതമാനം തമിഴ്നാട്ടിൽ നിന്നുമാണ് എത്തിക്കുന്നത്. മൺസൂണിലെ കുറവുമൂലം തമിഴ്നാട്ടിൽ ഗണ്യമായി നെല്ലുൽപ്പാദനം കുറഞ്ഞ് അരിയുടെ ലഭ്യതയെ ബാധിച്ചിട്ടുണ്ട്. കർണ്ണാടകത്തിൽ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതും അവർ ഉപയോഗിക്കാത്തതുമായ ചുവന്ന മട്ടയരിക്ക് സബ്സിഡി നീക്കം ചെയ്തതിനെത്തുടർന്ന് കർണ്ണാടകയിലെ കർഷകർ ചുവന്ന മട്ടയരിയുടെ ഉൽപ്പാദനം നിർത്തിയതോടെ അരിയുടെ ലഭ്യത കുറയുകയും ആന്ധ്രാ പ്രദേശിൽ അരിയുടെ കയറ്റുമതി ഗണ്യമായി വർദ്ധിക്കുകയും ചെയ്തതിനാൽ കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ലഭിച്ചിരുന്ന അരിയുടെ അളവ് കുറയാനും വില വർദ്ധിക്കാനും ഇടയായി. കൂടുതൽ അരി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിലും അരിക്ക് വില കൂടിയിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞവിലക്ക് സപ്ലൈകോ വഴി വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സപ്ലൈകോ-യെ സഹായിക്കണം. മാവേലി സ്റ്റോറുകൾ വഴിയും റേഷൻ കടകൾ വഴിയും അരിയുടേയും മറ്റു നിത്യോപയോഗ സാധനങ്ങളുടേയും വിതരണസംവിധാനം മെച്ചപ്പെടുത്തി വിലവർദ്ധനവ് തടയാൻ നടപടിയുണ്ടാകണം. കരിഞ്ചന്തക്കാർക്കെതിരെയും പൂഴ്ത്തിവ

യ്പ്പുകാർക്കെതിരെയും നടപടി സ്വീകരിക്കണം. കേന്ദ്രത്തിൽനിന്ന് കൂടുതൽ അരി വാങ്ങി കേരളത്തിലെ പൊതു വിതരണ സമ്പ്രദായത്തിന് പുറമേയുള്ള അരി വിതരണ സംവിധാനം മെച്ചപ്പെടുത്തണം. അരിയുടെ കാര്യത്തിൽ സപ്ലൈ ചെയിൻ മാനേജ്മെന്റ് പ്രത്യേകമായുണ്ടാകണം. അയൽ സംസ്ഥാന ങ്ങളിൽനിന്ന് 13 നിത്യോപയോഗ സാധനങ്ങൾ ഇ-ടെണ്ടറിലൂടെ വാങ്ങുന്ന രീതി മാറ്റണം. അരിയും നിത്യോപയോഗ സാധനങ്ങളും ക്രോപ്പ് സീസണിൽ വാങ്ങി ഓഫ് സീസണിൽ വില കുറച്ച് കൊടുക്കാൻ കഴിയുന്ന തരത്തിൽ സൂക്ഷിച്ച് വയ്ക്കാൻ കഴിയുന്ന സ്റ്റോറേജ് സംവിധാനമുണ്ടാക്കിയാൽ വരുംവർഷങ്ങളിൽ അരിയുടേയും നിത്യോപയോഗ സാധനങ്ങളുടേയും വില പിടിച്ചുനിർത്താൻ കഴിയും. അരി വില നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ സ്വാഗതാർഹമാണ്.

ഡോ. ടി.എം. തോമസ് ഐസക് : കൃഷിക്കാർക്ക് നല്ല വില ലഭിക്കുന്ന തുകൊണ്ടാണ് അരിയുടെ വിലക്കയറ്റം ഉണ്ടായതെന്ന സർക്കാരിന്റെ വാദം അംഗീകരിക്കാൻ കഴിയില്ല. പൂഴ്ത്തിവയ്പ് തുടർന്നാൽ ഡിസംബർ മാസം അവസാനത്തോടെ അരി വില കിലോയ്ക്ക് 40-45 രൂപയിൽ കവിയുമെന്ന് രണ്ട് മാസം മുമ്പ് ഉദ്യോഗസ്ഥർ നൽകിയ മുന്നറിയിപ്പ് സർക്കാർ അവഗണിക്കുകയാണ് ചെയ്തത്. പൂഴ്ത്തിവയ്പ്പുകാർക്കെതിരെ നടപടിയെടു ക്കുകയോ മാർക്കറ്റിൽ ഇടപെടുകയോ ചെയ്യുന്നില്ല. സംസ്ഥാനത്തിന്റെ അരി വിഹിതം കേന്ദ്രം ഗണ്യമായി വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. വിലക്കയറ്റം തടയാൻ കമ്പോളത്തിൽ ഇടപെടാത്തത് സർക്കാരിന്റെ നയ ത്തിന്റെ പോരായ്മയാണ്. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പിടിപ്പുകേടും അഴിമതിയുമാണ് ഈ രംഗത്ത്

നിലനിൽക്കുന്നത്. അഖിലേന്ത്യാ തലത്തിൽ അരിക്ക് 4, 5 രൂപ കൂടുമ്പോൾ കേരളത്തിൽ 20-25 രൂപ കൂടുന്നതിന് കാരണമാകുന്ന ഘടകം കണ്ടുപിടിക്കേണ്ടതുണ്ട്. യു.ഡി.എഫ്. സർക്കാർ പൂഴ്ത്തിവയ്പ്പുകാരെ സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. വിലക്കയറ്റം സംബന്ധിച്ച് രണ്ട് മാസം മുമ്പ് വിശദമായ റിപ്പോർട്ട് ഉണ്ടായിട്ടും യാതൊരു നടപടിയും സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല.

ശ്രീ. കെ.എൻ.എ. ഖാദർ : നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന് നിദാനമായ കാരണങ്ങളെല്ലാം സംസ്ഥാന സർക്കാരിന്റെ സൃഷ്ടിയാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം ശരിയല്ല. ഇപ്പോൾ ഉണ്ടായിട്ടുള്ള അമിത വിലവർദ്ധനവിനെ തടയാൻ ശക്തമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, നന്മ സ്റ്റോറുകൾ എന്നിവ വഴി വിതരണം ചെയ്യുന്ന അരി യഥാർത്ഥ ഉപഭോക്താക്കൾക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. വ്യാപകമായ റെയ്ഡുകൾ നടത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണം. മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൂടുതൽ തുക അനുവദിക്കണം. ലഭ്യമാകുന്ന സ്ഥലങ്ങളിൽനിന്ന് അരി കൊണ്ടുവരാനും വിതരണം ചെയ്യാനും സാധിക്കണം. കേരളത്തിനാവശ്യമായ അരിയും ഗോതമ്പും ലഭ്യമാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. എ.പി.എൽ. വിഭാഗത്തിലെ സബ്സിഡൈസ്ഡ്-നോൺ സബ്സിഡൈസ്ഡ് വിഭാഗങ്ങളെന്ന തരംതിരിവില്ലാതെ എല്ലാവർക്കും അരി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ

ലിസ്റ്റ് പ്രദർശിപ്പിക്കണം. മൾട്ടി-ഫേസെറ്റഡായിട്ടുള്ള സ്കീമിലൂടെ വിലക്കയറ്റം തടഞ്ഞുനിറുത്താൻ കഴിയണം.

ശ്രീ. വി. എസ്. സുനിൽ കുമാർ : ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത വിധത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ബംഗാളിൽനിന്ന് അരി കൊണ്ടുവന്ന് വില കുറച്ച് വിതരണം നടത്തിയിരുന്നു. അരിയുടേയും നിത്യോപയോഗ സാധനങ്ങളുടേയും വില വർദ്ധിച്ച അവസരത്തിൽത്തന്നെ ബസ് ചാർജ്, വൈദ്യുതി കരം, വെള്ളക്കരം എന്നിവയും വർദ്ധിപ്പിച്ച നടപടി പ്രതിഷേധാർഹമാണ്. വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുമ്പോൾ കേന്ദ്ര ഗവൺമെന്റ് കയറ്റുമതി നിയന്ത്രണം എടുത്തുമാറ്റുകയും ഡ്യൂട്ടിഫ്രീ കയറ്റുമതിക്കുവേണ്ടി വമ്പൻ കുത്തക മുതലാളിമാരെ സഹായിക്കുകയും ചെയ്യുന്ന നടപടിയാണ് സ്വീകരിക്കുന്നത്. ഈ ഗവൺമെന്റിന്റെ പിടിപ്പുകേടുമൂലം ഇന്ത്യയിൽ ഏറ്റവുമധികം വിലക്കയറ്റമുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പ്പിനും കൂട്ടുനിൽക്കുന്ന ഈ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ് നൽകിയ അരി മറിച്ച് വിറ്റ് ലാഭം കൊയ്യാൻ ശ്രമിക്കുകയുമാണ്. സ്കൂൾ കുട്ടികൾക്കുള്ള ഉച്ചക്കഞ്ഞി, പാൽ, മുട്ട എന്നിവയുടെ വിതരണം കൃത്യമായി നടക്കുന്നില്ല. ജനം വിലക്കയറ്റംകൊണ്ട് പൊറുതി മുട്ടുമ്പോൾ എഫ്.സി.ഐ. ഗോഡൗണുകളിൽ ടൺ കണക്കിന് അരി കത്തിക്കുന്ന നടപടി അങ്ങേയറ്റം ദു:ഖകരമാണ്. സബ്സിഡികൾ ബാങ്ക് മുഖേന നൽകുമെന്ന പ്രഖ്യാപനം പ്രതിഷേധാർഹമാണ്.

ശ്രീ. പി. സി. ജോർജ് : നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന വസ്തുത അംഗീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ്

അടിയന്തരപ്രമേയ ചർച്ചയ്ക്ക് തയ്യാറായിട്ടും ഇത്തരം പ്രശ്നങ്ങളിൽ രാഷ്ട്രീയം പറയുന്ന പ്രതിപക്ഷത്തിന്റെ സമീപനം ദു:ഖകരമാണ്. വില വർദ്ധനവ് തടയാൻ നടപടി സ്വീകരിക്കണമെന്ന കാര്യത്തിൽ തർക്കമില്ലെന്നു മാത്രമല്ല, അരി വില വർദ്ധനവ് കമ്പോളത്തിലുണ്ടാക്കിയിരിക്കുന്ന പ്രശ്നം ചെറുതായി കാണാനും സാധിക്കില്ല. ബി.പി.എൽ റേഷൻ

കാർഡുടമകൾക്ക് ഒരു രൂപയ്ക്കും എ.പി.എൽ. റേഷൻ കാർഡുടമകൾക്ക് രണ്ട് രൂപയ്ക്കും അരിയും ഗോതമ്പും വിതരണം ചെയ്തുവരുന്നുണ്ട്. സർക്കാരിന്റെ ഇടപെടൽ പൊതുവിതരണ രംഗത്ത് ഉണ്ടായിട്ടും അരി വില വർദ്ധിക്കുന്നെങ്കിൽ അതിന് ഉത്തരവാദികളായവരുടെ മേൽ നടപടി സ്വീകരിക്കണം. ഗോഡൗണിൽനിന്നും അരിയെടുക്കാൻ തയ്യാറാകാത്ത മൊത്തവിതരണക്കാരുടെ ലൈസൻസ് റദ്ദാക്കണം. അരിവില നിയന്ത്രിക്കാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൺസോർഷ്യം രൂപീകരിക്കണം. കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പുകാർക്കുമെതിരെ നടപടിയുണ്ടാകണം.

<u>ശ്രീ. സി.കെ. നാണു:</u> സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നടപ്പിലാക്കണം. ഇടതുപക്ഷ ഗവണ്മെന്റ് നെല്ലിന്റെ സംഭരണ വില ഉയർത്തിയതിലൂടെ അരി ഉല്പാദനം വർദ്ധിച്ചതും അറുപത് ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപ നിരക്കിൽ അരി കൊടുത്തതും കണ്ടില്ലെന്ന് നടിക്കരുത്. കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിക്കണം.

<u>ശ്രീ. എം.വി. ശ്രേയാംസ് കുമാർ:</u> കരിഞ്ചന്തക്കാരുടെയും പൂഴ്ത്തിവയ്പുകാരുടെയും ഇടപെടൽമൂലമാണ് നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടുള്ളത്. പൊതുവിതരണ സംവിധാനം ശക്തമല്ലെങ്കിൽ സംഭരിക്കുന്ന അരി ജനങ്ങളിൽ എത്തിക്കാൻ കഴിയില്ല. സർക്കാരിന്റെ

ഇടപെടലിലൂടെ കരിഞ്ചന്തക്കാരെയും പൂഴ്ത്തിവയ്പുകാരെയും നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി: ജനജീവിതം ദുസ്സഹമാക്കുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കണം. റേഷൻ കടകളിൽ സാധനങ്ങൾ ലഭ്യമല്ലാത്ത ഒരവസ്ഥയ്ക്ക് പരിഹാരം കാണണം. സബ്സിഡികൾ ബാങ്കുകൾ വഴി നൽകുമെന്ന തീരുമാനം പ്രതിഷേധാർഹമാണ്. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാതെ നശിപ്പിക്കുന്ന നടപടി ലജ്ജാകരമാണ്. ഇടതുപക്ഷ ഗവണ്മെന്റിന് പതിമൂന്നിനം നിത്യോപയോഗ സാധനങ്ങൾ എഴുപത് ശതമാനംവരെ വില കുറച്ച് വിതരണം ചെയ്യാനും അറുപത്തിരണ്ട് ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപ നിരക്കിൽ അരി വിതരണം ചെയ്യാനും കഴിഞ്ഞിരുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ : നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റംമൂലം ജനങ്ങൾ പൊറുതിമുട്ടുകയാണ്. വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന് ധനകാര്യവകുപ്പ് വേണ്ടത്ര ധനസഹായം അനുവദിക്കണം. എൽ.ഡി.എഫ്. ഗവൺമെന്റ് 62 ലക്ഷം പേർക്ക് രണ്ട് രൂപ നിരക്കിൽ അരി വിതരണം ചെയ്തിരുന്ന സ്ഥാനത്ത് ഒരു രൂപ നിരക്കിൽ അരി നൽകാൻ സാധിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ : വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുന്ന സാഹചര്യത്തിൽ യാതൊരു പരിഹാര നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഗവൺമെന്റിന് മുന്നറിയിപ്പ് ലഭിച്ചിട്ടും വിലക്കയറ്റം തടയാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. അരിയുടെ വിലക്കയറ്റം നിയന്ത്രണവിധേയമാകുന്നതുവരെ കേരളത്തിലെ 62 ലക്ഷം കുടുംബ

ങ്ങൾക്കും രണ്ട് രൂപ നിരക്കിൽ അരി കൊടുക്കാനുള്ള സന്നദ്ധത കാണിക്കണം.

ശ്രീ. ബെന്നി ബെഹനാൻ : പി.ഡി.എസ്. മുഖേന ബി.പി.എൽ.കാർക്ക് ഒരു രൂപ നിരക്കിൽ 25 കിലോ അരിയും എ.പി.എൽ.വിഭാഗത്തിൽപ്പെട്ട സബ്സിഡിയിലുൾപ്പെട്ട ആളുകൾക്ക് രണ്ട് രൂപ നിരക്കിൽ 9 കിലോ അരിയും നോൺ സബ്സിഡിയിൽപ്പെട്ടവർക്ക് 8.90 പൈസയ്ക്ക് പത്ത് കിലോ അരിയും ഇപ്പോൾ കൊടുക്കുന്നുണ്ട്. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി ഈ വർഷം 85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിൽ നിന്ന് 14 ലക്ഷം ടൺ അരി അനുവദിച്ചതിൽ 49,000 ടൺ മാത്രമാണ് എടുത്തത്. എഫ്.സി.ഐ. ഗോഡൗണിൽ റേഷനരി കത്തിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തണം. അരിയുടെ താങ്ങുവില 4 രൂപ കൂട്ടിയതുവഴി സ്വാഭാവികമായും വില വർദ്ധനവുണ്ടാകും. കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്ന് ഇപ്പോൾ അരി ലഭിക്കുന്നില്ല. തന്മൂലം ഓപ്പൺ മാർക്കറ്റിൽ വില വർദ്ധിച്ചു എന്ന യാഥാർത്ഥ്യം അംഗീകരിക്കണം. നമുക്ക് വേണ്ടത്ര സ്റ്റോറേജ് ഗോഡൗൺ ഇല്ലാത്തതും ഒരു പ്രശ്നമാണ്. കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ നടപടിയുണ്ടാകണം.

ശ്രീ. ജെയിംസ് മാത്യു : മണൽ പിടിക്കാൻ കാണിക്കുന്ന ജാഗ്രതയെങ്കിലും അരിയുടെ പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയുന്ന കാര്യത്തിലുണ്ടാകണം. എ.പി.എൽ.കാർക്ക് 2 രൂപ നിരക്കിൽ 35 കിലോ അരിയും ബി.പി.എൽ.കാർക്ക് 1 രൂപയ്ക്ക് ആവശ്യമുള്ളത്ര അരിയും നൽകുമെന്ന

യു.ഡി.എഫ്. പ്രകടനപത്രികയിലെ വാഗ്ദാനം പാലിക്കാൻ തയ്യാറാകണം. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും മിത മായ വിലയ്ക്ക് മെച്ചപ്പെട്ട നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്ന തിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): അരിയുടെ വില വർദ്ധിച്ചിട്ടു ണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. പൊതുവിപണിയിൽ 17945 റെയ്ഡുകൾ നടത്തുകയും 6247 കിലോ അരിയും 447 എൽ.പി.ജി. സിലിണ്ടറുകളും പിടിച്ചെടുക്കുകയും 8 റേഷൻകടകൾ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സപ്ലൈകോയുമായി കോൺട്രാക്ടുള്ള മില്ലുകളുടെ പരിശോധനയ്ക്കായി നാലംഗ ടീമിനെ നിയോഗിച്ചിട്ടുണ്ട്. പൂഴ്ത്തിവയ്പുമൂലമാണ് വിലക്കയറ്റമു ണ്ടാകുന്നതെങ്കിൽ അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. മുള ങ്കുന്നത്തുകാവ് ഡിപ്പോയിൽ ഡമ്പ് ചെയ്തിരുന്ന 1500 കിലോ അരി ഉപയോ ഗശൂന്യമായതുകൊണ്ടാണ് നശിപ്പിച്ചുകളഞ്ഞത്.

(ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനടുത്തുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു.)

സഭ നിറുത്തിവയ്ക്കണമെന്ന പ്രമേയം സഭ നിരാകരിച്ചു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

1. **2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ (ചർച്ച തുടർച്ച)**

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) **2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) :പ്രമേയത്തെ പിന്താങ്ങുന്നു.

നിരാകരണ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

ശ്രീ. സി. മമ്മൂട്ടി: 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.52-ന് പിരിഞ്ഞു.

*****